കേരള നിയമസഭാ നടപടികൾ

അഞ്ചാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

1979 ഏപ്രിൽ 11, ബുധൻ

വാല്യം XLVII] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 39

നിയമസഭ 1979 ഏപ്രിൽ 11-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേംബറിൽ കൂടി.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകുന്ന ഉത്തരങ്ങൾ

കേന്ദ്ര സഹായത്തോടുകൂടിയുള്ള പദ്ധതികൾ

* 824 [892] ശ്രീ. പി. ബാലൻ:

,, എ.എ. റഹീം:

,, എം.വി. രാജൻ:

,, ഇ. നാരായണൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രഗവൺമെന്റ് സ്പോൺസർ ചെയ്തതോ കേന്ദ്രഗവൺമെന്റിന്റെ എയ്ഡ് ലഭിക്കുന്നതോ ആയ സ്കീമുകൾ സംസ്ഥാനത്തുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര; ഏതൊക്കെ;

(സി) ഈയിനത്തിൽ ലഭിച്ചിട്ടുള്ള കേന്ദ്രവിഹിതം എത്ര;

(ഡി) ഈ സ്കീമുകൾക്ക് സംസ്ഥാന ഗവൺമെന്റ് ചെലവഴിച്ച സംഖ്യ എത്രയെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പി.കെ. വാസുദേവൻ നായർ):

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇക്കഴിഞ്ഞ ദേശീയവികസന കൗൺസിൽ യോഗം 1978-83 കാലഘട്ടത്തിൽ നടപ്പാക്കാനായി കുറെ കേന്ദ്രാവിഷ്കൃത കേന്ദ്രസഹായ പദ്ധതികളും അംഗീകരിച്ചിട്ടുണ്ട്. ഈ പദ്ധതികളുടെ [illegible] താത്പര്യപത്രം തയ്യാറാക്കിയിട്ടുണ്ട്*. പക്ഷേ ഇതിനെ സംബന്ധിച്ച ഔദ്യോഗിക സ്ഥിരീകരണം ഇനിയും കിട്ടിയിട്ടില്ല.

(സി) ഇതുവരെ നടപ്പാക്കിക്കൊണ്ടിരുന്ന മിക്കവാറും കേന്ദ്രാവിഷ്കൃത-കേന്ദ്രസഹായ പദ്ധതികളുടെ മുഴുവൻ ചിലവും കേന്ദ്രഗവൺമെൻറാണ് വഹിച്ചിരുന്നത്. പ്രസ്തുത പദ്ധതികൾക്കായി 1977-78 ൽ 21.72 കോടി രൂപ കേന്ദ്രസഹായമായി ലഭിച്ചിട്ടുണ്ട്. 1978-79-ൽ 27.10 കോടി രൂപ കേന്ദ്രസഹായമായി പ്രതീക്ഷിക്കുന്നുണ്ട്.

(ഡി) 1979-80 വർഷം മുതൽ നടപ്പാക്കേണ്ടുന്നതിനായി ദേശീയവികസനസമിതി അംഗീകരിച്ച പദ്ധതികളിൽ ചിലതിന്റെ ചെലവിൽ 50 ശതമാനം സംസ്ഥാന ഗവൺമെൻറ് വഹിക്കേണ്ടതായിട്ടുണ്ട്. ഇതേപ്പറ്റിയും, ഏതെല്ലാം പദ്ധതികൾക്കാണ് ഇപ്രകാരം സംസ്ഥാന ഗവൺമെൻറ് വിഹിതം നൽകേണ്ടത് എന്നതിനെ പറ്റിയുള്ള പ്ലാനിംഗ് കമ്മീഷന്റെ കത്ത് പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. സേവ്യർ അറയ്ക്കൽ: അത്തരത്തിൽ നമ്മുടെ സംസ്ഥാനത്തുനിന്ന് എത്രസംഖ്യ ഉപയോഗിക്കാതെ പോയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ശ്രീ. പി.കെ. വാസുദേവൻ നായർ: ഇപ്പോഴത്തെ കൈവശം പൂർണ്ണമായ കണക്കില്ല. പിന്നീട് വിവരം ശേഖരിച്ചുതരാം.

ശ്രീ. സേവ്യർ അറയ്ക്കൽ: 'ഡി' യുടെ ചോദ്യത്തിനു ഉത്തരമായി അമ്പതുശതമാനത്തോളം സംസ്ഥാനഗവൺമെൻറ് വഹിക്കണമെന്നു പറഞ്ഞു. ഏത് അടിസ്ഥാനത്തിലാണ് അമ്പതു ശതമാനം സംസ്ഥാനഗവൺമെൻറ് വഹിക്കണമെന്ന് കേന്ദ്രഗവൺമെൻറ് ആവശ്യപ്പെട്ടിട്ടുള്ളത്?

ശ്രീ. പി.കെ. വാസുദേവൻ നായർ: കേന്ദ്രാവിഷ്കൃത കേന്ദ്രസഹായപദ്ധതികളും പലതും പല സ്വഭാവത്തിലുള്ളവയാണ്. ചിലത് നൂറുശതമാനവും കേന്ദ്രഗവൺമെൻറുതന്നെ സഹായം നൽകുന്നതാണ്. ചിലത് ഗ്രാൻറായിട്ട് നൽകുന്നതാണ്. ചിലത് ലോണായിട്ട് നൽകുന്നതാണ്. ചില പദ്ധതിയുടെ സ്വഭാവമനുസരിച്ച് അമ്പതുശതമാനം അവർ തരും, അമ്പതുശതമാനം സംസ്ഥാനഗവൺമെൻറ് കൊടുക്കണമെന്നാണ്. അനുബന്ധമായി ചേർത്തിട്ടുള്ള വിവിധ പദ്ധതികളിൽ പലതിനേയും പ്രത്യേക സ്വഭാവമനുസരിച്ച് അവർ നിശ്ചയിച്ചിട്ടുള്ളതാണ്.

ശ്രീ. എ. എ. റഹീം: വേറെ പല പദ്ധതികൾക്കും ലൈസൻസിനു അപേക്ഷിച്ചിട്ട് കിട്ടാതെ കിടക്കുന്നുണ്ട്. അത് ഏതാണെന്നും അതിനുള്ള കാരണം എന്താണെന്നും പറയാമോ? പബ്ലിക് സെക്ടറിൽ തുടങ്ങാവുന്ന പുതിയ പദ്ധതികൾ ഇനിയും ഗവൺമെൻറിന്റെ സാംഗ്ഷൻ തന്നിട്ടില്ലെന്നും സാംഗ്ഷൻ പ്രതീക്ഷിച്ച് കഴിയുകയാണെന്നും കേൾക്കുന്നത് ശരിയാണോ?

---

* അനുബന്ധം I.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി.കെ. വാസുദേവൻ നായർ: അതും ഇതും തമ്മിൽ ഒരു ബന്ധവുമില്ല. അത് നമ്മുടേതായ ആവശ്യം കേന്ദ്രഗവൺമെന്റിന്റെ മുമ്പിൽ വയ്ക്കുന്നു, കാലതാമസം വരുന്നു. ഇത് അവർ തയ്യാറാക്കുന്ന പദ്ധതിയാണ്. ആ പദ്ധതിയ്ക്ക് കുറെ പണം വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനഗവൺമെന്റ് പൊതു പദ്ധതിയ്ക്ക് അനുരോധമായി ഇവിടെ പദ്ധതി ഉണ്ടാക്കി സമർപ്പിച്ചാൽ നമുക്ക് അതിന്റെ സഹായം കിട്ടും.

ശ്രീ. എ. എ. റഹീം: ടൈറോനിയം കോംപ്ലക്സിന്റെ പ്രവർത്തനം മന്ദീഭവിച്ചിരിക്കുകയാണ്. ടൈറോനിയം കോംപ്ലക്സിനാവശ്യമുള്ള ധനസഹായം ലഭിച്ചിട്ടുണ്ടോ? ഇനിയും ധനസഹായം ലഭിക്കാനുണ്ടോ? ആ പദ്ധതിയുടെ ടാർജറ് എപ്പോഴത്തേയ്ക്കാണെന്ന് വ്യക്തമാക്കുമോ?

ശ്രീ. പി.കെ. വാസുദേവൻ നായർ: സെൻട്രലി സ്പോൺസേർഡ് ആൻറ് സെൻട്രൽ സെക്ടർ സ്കീംസെന്നു പറയുന്നതും അതും തമ്മിൽ ഒരു ബന്ധവുമില്ല. ടൈറോനിയം കോംപ്ലക്സെന്ന് പറയുന്നത് നമ്മുടെ ഒരു പദ്ധതിയാണ്.

ശ്രീ. എ. എ. റഹീം: അതിന് കേന്ദ്രത്തിൽനിന്ന് സഹായമുണ്ടോ?

ശ്രീ. പി.കെ. വാസുദേവൻ നായർ: അത് സ്റ്റേറ്റ് പ്ലാനിൽ പെടുത്തിയ ഒരു പദ്ധതിയാണ്. സ്റ്റേറ്റ് പ്ലാനിനുവേണ്ടി സെൻട്രൽ ഗവൺമെൻറ് അനുവദിക്കുന്നതിൽനിന്ന് വ്യവസായവകുപ്പിലേയ്ക്ക് പണം നീക്കിവയ്ക്കുന്നസമയത്ത് ടൈറോനിയം കോംപ്ലക്സിന് ഒരുഭാഗം നീക്കിവച്ചിട്ടുണ്ട്. നമ്മൾ ചോദിച്ച തുകയും കിട്ടാറില്ല, ഒരുവർഷവും മുഴുവനും കിട്ടാറില്ല. ഗവൺമെൻറ് ഉദ്ദേശിക്കുന്ന പരിപാടിയനുസരിച്ചുതന്നെ മുമ്പോട്ടുകൊണ്ടുപോകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. പ്രധാനമായും അതിനുള്ള സഹായം ഐ.ഡി.ബി.ഐ.യിൽ നിന്നാണ് കിട്ടേണ്ടത്. ബഡ്ജറ്റിലുണ്ട് വളരെ ചെറിയൊരുഭാഗം മാത്രമാണ്.

ശ്രീ. ടി.കെ. രാമകൃഷ്ണൻ: കേന്ദ്രം നിശ്ചയിക്കുന്ന സ്കീം നമ്മുടെ നാട്ടിൽ നടപ്പിൽവരുത്തണമെന്നാണോ അതോ നമ്മുടെ സ്കീമിന് കേന്ദ്രം സഹായം തരികയാണോ? എന്താണ് അതിന്റെ സ്വഭാവം?

ശ്രീ. പി.കെ. വാസുദേവൻ നായർ: പരിപൂർണ്ണമായിട്ടും അവർ നിശ്ചയിക്കുന്ന സ്കീംസാണ്. ആ സ്കീം അനുസരിച്ച് നമ്മൾ നടപ്പിലാക്കണം.

ശ്രീ. ഇ.പി. ഗോപാലൻ: കേന്ദ്രം മുഴുവൻ സഹായം ചെയ്യുന്നത് അല്ലെങ്കിൽ കേന്ദ്രം ശുപാർശ ചെയ്യുന്നത് ഇതുതമ്മിലുള്ള ഡിവൈഡിങ്ങ് ലൈൻ എവിടെയാണ്. ഇതിൽ നമുക്കു അങ്ങോട്ട് വല്ല നിർദ്ദേശവും വയ്ക്കാനുള്ള സൗകര്യമുണ്ടോ? അവിടെനിന്ന് അയച്ചുതരുന്നത് അംഗീകരിക്കാൻമാത്രമേ സാദ്ധ്യതയുള്ളോയെന്ന് വ്യക്തമാക്കുമോ?

ശ്രീ. പി.കെ. വാസുദേവൻ നായർ: സ്കീംസ് ഏതൊക്കെയാണെന്ന് തീരുമാനിക്കാൻ നമുക്കു യാതൊരു അവകാശവും അധികാരവുമില്ല. അവിടെ നിന്നുതന്നെയാണ് തീരുമാനിക്കുന്നത്. ആ സ്കീംസ്

LIBRARY ARCHIVES Kerala Legislative Assembly

പൊതുവിൽ തീരുമാനിച്ചുകഴിഞ്ഞാൽ കേരളത്തിൽ പൊതു സ്കീമിൽ പെടുത്തി നമ്മാം നടപ്പിലാക്കാൻ ആഗ്രഹിക്കുന്നുവെന്ന് റിപ്പോർട്ടു സമർപ്പിച്ചുകഴിഞ്ഞാൽ അവർ അത് മിക്കവാറും അംഗീകരിച്ച് തരാറുണ്ട്. അതിനുള്ള പണവും തരാറുണ്ട്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: ഫുഡ് ഫോർ വർക് സ്കീംസിനു 1978-79-ൽ എത്ര ധനസഹായം കേന്ദ്രഗവൺമെന്റിൽനിന്ന് ലഭിച്ചു? 1979-80-ൽ എത്ര കിട്ടുമെന്ന് പ്രതീക്ഷിക്കുന്നുണ്ട്? 1979-80-ൽ സംസ്ഥാനഗവൺമെന്റ് ഫുഡ് ഫോർ വർക്സ് സ്കീംസ് എത്രത്തോളം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

ശ്രീ. പി.കെ. വാസുദേവൻ നായർ: ഫുഡ് ഫോർവർക്സ് സ്കീം ഇതിൽപെട്ടതല്ല. 1978-79-ൽ ഏതാണ്ട് 25000 ടൺ ഭക്ഷ്യധാന്യമാണ് തന്നിരുന്നത്. 25000 ടൺ ഭക്ഷ്യധാന്യമേ ഉപയോഗിക്കാൻ കഴിഞ്ഞിട്ടുള്ളു. ഇതിന് അൺലിമിറഡായിട്ടുള്ള അസിസ്റ്റൻസ് കിട്ടുന്നതാണ്. 1979-80-ൽ വിപുലമായതോതിൽ ഈ സഹായം ഉപയോഗിക്കാനാണ് ഞങ്ങൾ തയ്യാറായിരിക്കുന്നത്. കാരണം ഇപ്പോൾ മുഴുവനും അരിയായിട്ട് തരും. മുമ്പ് അമ്പതുശതമാനം ഗോതമ്പും അമ്പതുശതമാനം അരിയുമായിരുന്നു തന്നിരുന്നത്. ഇന്ന് നൂറുശതമാനവും അരി നൽകാമെന്ന് സമ്മതിച്ചിട്ടുള്ളതുകൊണ്ട് 1979-80-ൽ വലിയ തോതിൽ ഉപയോഗിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. ആർ.എസ്. ഉണ്ണി: കഴിഞ്ഞ വെള്ളപ്പൊക്കനിവാരണത്തിനു വേണ്ടി സമർപ്പിച്ച പദ്ധതിക്ക് എത്രരൂപ അനുവദിച്ചു? അതിൽ നല്ലൊരുഭാഗം ലാപ്സായിപ്പോകുമെന്ന് കേൾക്കുന്നത് ശരിയാണോ?

ശ്രീ. പി.കെ. വാസുദേവൻ നായർ: പതിനൊന്നു കോടിരൂപയാണ് അതിന് അനുവദിച്ചത്. ലാപ്സായിപ്പോവുകയില്ലെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്.

ശ്രീ. എൻ. ഭാസ്കരൻ നായർ: നാഷണൽ ഹൈവേയ്ക്കുവേണ്ടി കേന്ദ്രഗവൺമെന്റിൽനിന്ന് കിട്ടിയിട്ടുള്ള വലിയൊരു സംഖ്യ ആലപ്പുഴ ചങ്ങനാശ്ശേരി റോഡിലെ പാലങ്ങൾക്കുവേണ്ടി ഡൈവർട്ട് ചെയ്തിട്ടുണ്ടെന്ന് കേൾക്കുന്നത് ശരിയാണോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ചോദ്യത്തിൽനിന്ന് വളരെ വിദൂരമായി സഞ്ചരിക്കുകയാണ്. പക്ഷെ നാഷണൽ ഹൈവേയിൽകൂടിയാണ് സഞ്ചാരം. ഈ ചോദ്യത്തിന് മറുപടി പറയാൻ ബുദ്ധിമുട്ടാണ്.

ശ്രീ. പി.ബി.ആർ. പിള്ള: റൂറൽവാട്ടർ സപ്ലൈ സ്കീം കേന്ദ്രഗവൺമെന്റിന്റെ സ്കീമിൽപെടുത്തിയിട്ടുണ്ടോ? ഉണ്ടെങ്കിൽ ആ സ്കീമിനുവേണ്ടി കേന്ദ്രഗവൺമെന്റ് എത്രമാത്രം തുക അനുവദിച്ചു? ഏതെല്ലാം സ്കീംസാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ശ്രീ. പി.കെ. വാസുദേവൻ നായർ: ഈ പദ്ധതിയിൽ റൂറൽ വാട്ടർസപ്ലൈയ്ക്കുള്ള സ്പെഷ്യൽ സ്കീം കാണുന്നില്ല. എന്നാൽ റൂറൽവാട്ടർസപ്ലൈ സ്കീമിനുവേണ്ടി കേന്ദ്രഗവൺമെന്റിൽ നിന്ന് നേരിട്ടല്ലെങ്കിലും കേന്ദ്രസ്ഥാപനമായ എൽ.ഐ.സി. യിൽ നിന്നാണ പ്രധാനമായും ഫണ്ട് കിട്ടിക്കൊണ്ടിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.പി. നൂറുദ്ദീൻ: ചില സ്കീമുകൾക്ക് നമ്മുടെ ഗവൺമെന്റ് പകുതി നൽകണമെന്നു പറഞ്ഞു. അങ്ങനെയുള്ള സ്കീമുകൾ എത്രയുണ്ട്, അതിനെല്ലാംകൂടി എത്ര രൂപ വേണ്ടിവരും, ഏതെങ്കിലും സ്കീം പകുതി ചെലവാക്കാൻ കഴിയാത്തതിന്റെ പേരിൽ നടപ്പാക്കാൻ കഴിയാതെ വന്നിട്ടുണ്ടോ എന്നീ കാര്യങ്ങൾ വ്യക്തമാക്കാമോ?

ശ്രീ. പി.കെ. വാസുദേവൻ നായർ: ഞാൻ 79.80-ലെ സ്കീമുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ടെന്നു പറഞ്ഞു. ആ ലിസ്റ്റിൽ ഏതിനൊക്കെയാണ് നാം 50 ശതമാനം ഉണ്ടാക്കേണ്ടത്, 100 ശതമാനം കേന്ദ്രത്തിൽനിന്നു തരുന്നത് ഏതിനൊക്കെയാണ് എന്നുള്ളതിന് അവസാന തീരുമാനമായിട്ടില്ലെന്നു പറഞ്ഞിട്ടുണ്ട്. പ്ലാനിംഗ് കമ്മീഷന്റെ കത്തു പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. പി.പി. എസ് തോമസ്: കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് കഴിഞ്ഞ വർഷം 21 കോടിയിൽപരം രൂപയും ഈ വർഷം 27 കോടിയിൽപരം രൂപയും നീക്കിവച്ചിട്ടുണ്ടെന്നു പറഞ്ഞു. കേന്ദ്രാവിഷ്കൃത പദ്ധതികൾ കേന്ദ്രം നിർദ്ദേശിക്കുന്ന രൂപത്തിലുള്ളതാണെന്നു പറഞ്ഞു. അത് ഏതൊക്കെയാണെന്നുള്ളത് വ്യക്തമാക്കാൻ കഴിയുമോ?

ശ്രീ. പി.കെ. വാസുദേവൻ നായർ: ഞാൻ നേരത്തെ പറഞ്ഞു, ലിസ്റ്റു അനുബന്ധമായി ചേർത്തിട്ടുണ്ടെന്ന്. നീണ്ട ഒരു ലിസ്റ്റാണ്, അതു മേശപ്പുറത്തുവച്ചിട്ടുണ്ട്.

ശ്രീ. കെ. രാഘവൻ മാസ്റ്റർ: ചില പദ്ധതികൾക്ക് കേന്ദ്ര വിഹിതത്തോടൊപ്പം സ്റ്റേറ്റു വിഹിതവും കൊടുക്കണമെന്നു പറയുകയുണ്ടായി. കോഴിക്കോട്ടുള്ള ട്രൈബൽ റിസർച്ച് സെന്ററിന് കേന്ദ്രസഹായം മാത്രമേ ലഭിക്കുന്നുള്ളു. സ്റ്റേറ്റിൽനിന്നു ആവശ്യമായ സഹായം ലഭിക്കുന്നില്ലെന്നുള്ളത് വാസ്തവമാണെങ്കിൽ ആവശ്യമായ സഹായം നൽകുന്നതിന് വേണ്ട നടപടി സ്വീകരിക്കാമോ?

ശ്രീ. പി.കെ. വാസുദേവൻ നായർ: ഈ പ്രത്യേക പ്രശ്നത്തെ സംബന്ധിച്ച് അന്വേഷിച്ച് ആവശ്യമായ നടപടിയെടുക്കാം.

ശ്രീ. എ.എ. റഹീം: ഹൗസിംഗ് സ്കീമിന് കേന്ദ്രത്തിൽനിന്നുള്ള സഹായം ഉണ്ടെന്നും അതു സ്റ്റേറ്റ് ഗവൺമെന്റ് ഉപയോഗിച്ചില്ലെന്നും കഴിഞ്ഞവർഷം കേന്ദ്രമന്ത്രി അഭിപ്രായപ്പെട്ടതായി പത്രത്തിൽകണ്ടു. അങ്ങനെയുള്ള സഹായങ്ങൾ ലാപ്സായിപ്പോയിട്ടുണ്ടോ? കഴിഞ്ഞ വർഷം ലക്ഷംവീടിന് തന്നുകൊണ്ടിരുന്ന പണം ഇനി തരുകയില്ലെന്ന് പറഞ്ഞതായി അറിയാമോ?

ശ്രീ. പി.കെ. വാസുദേവൻ നായർ: ബഹുമാനപ്പെട്ട മെമ്പർ ഈ ചോദ്യത്തിൽ ഒതുങ്ങാതെ പുറത്തുപോകുകയാണ്. ഹൗസിംഗ് സ്കീമിനെ സംബന്ധിച്ച് ഹഡ്കോയിൽനിന്നു നമുക്ക് കിട്ടുന്ന പണം ഉപയോഗിക്കുന്നില്ലെന്നുള്ളതിനെ സംബന്ധിച്ചാണ് വാദപ്രതിവാദം നടന്നതായി മനസ്സിലാക്കുന്നത്. അതും ഈ പദ്ധതിയും തമ്മിൽ ബന്ധമില്ലെന്നാണ് പറയാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി.പി. ഗോവിന്ദൻ നമ്പ്യാർ: അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മയാണ് ഇവിടത്തെ പ്രശ്നം. ഈ തൊഴിലില്ലായ്മക്കു പരിഹാരമുണ്ടാക്കുന്നതിനുവേണ്ടി നമ്മുടെ സംസ്ഥാനം പ്രത്യേകം വല്ല സ്കീമും ഉണ്ടാക്കി കേന്ദ്രഗവൺമെന്റിനു സമർപ്പിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ എന്താണ് ആ പദ്ധതിയെന്നു പറയാമോ?

ശ്രീ. പി.കെ. വാസുദേവൻ നായർ: ഈ പദ്ധതിയെന്നു പറയുന്നത് കേന്ദ്രഗവൺമെന്റ് പ്രധാനം ഉണ്ടാക്കുന്ന പദ്ധതികളാണ്. ഈ പദ്ധതിക്കുള്ളിൽ ഒതുങ്ങിനിന്നുകൊണ്ട് നമുക്ക് എന്തെങ്കിലും നിർദ്ദേശമുണ്ടെങ്കിൽ അവർ അംഗീകരിച്ച് അതിനുള്ള സഹായം തരുമെന്നേയുള്ളു. നമുക്ക് അങ്ങോട്ട് പദ്ധതി സമർപ്പിക്കാനുള്ള സ്കോപ്പില്ല.

ശ്രീ. കെ. സുകുമാരനുണ്ണി: 1978 ഒക്ടോബറിൽ പതിനായിരം വയോജനവിദ്യാഭ്യാസ കേന്ദ്രങ്ങളും തുടങ്ങുമെന്നു പ്രഖ്യാപിച്ചു. 130 കേന്ദ്രങ്ങളിലേ തുടങ്ങിയിട്ടുള്ളു. അതു കാരണം കേന്ദ്രഗവൺമെന്റിന്റെ സാമ്പത്തികസഹായം കേരള ഗവൺമെന്റ് വാങ്ങിയില്ലെന്നു പറയുന്നത് ശരിയാണോ?

ശ്രീ. പി.കെ. വാസുദേവൻ നായർ: 1978 ഒക്ടോബർ രണ്ടാം തീയതി ഈ പദ്ധതി ആരംഭിച്ചു. എന്റെ ഓർമ്മ ശരിയാണെങ്കിൽ 200-ഓളം കേന്ദ്രങ്ങളാണ് അന്നു ആരംഭിക്കുകയുണ്ടായി. അതിനുശേഷം സമഗ്രമായ ഒരു വയോജന വിദ്യാഭ്യാസ പദ്ധതി തയ്യാറാക്കി അങ്ങോട്ട് അയച്ചിട്ടുണ്ട്. വേറെ ചില ഭേഗതികളോടുകൂടി ഇങ്ങോട്ട് അയച്ചു. ഒരു മാസത്തിനു മുൻപ് അവസാന രൂപംകൊടുത്ത് കേന്ദ്രഗവൺമെന്റിനു സമർപ്പിച്ചിരിക്കുകയാണ്. അതിന്റെ പേരിൽ നമ്മുടെ സംസ്ഥാനത്തിനു കിട്ടാനുള്ള പണം നഷ്ടപ്പെടുകയില്ല, ആ പദ്ധതി നടപ്പാക്കാൻ കഴിയുമെന്നാണ് ഗവൺമെന്റിന്റെ പ്രതീക്ഷ.

ശ്രീ. കെ.സി. വാമദേവൻ: വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനത്തിനു അനുവദിച്ച തുക മിക്കവാറും ലാപ്സാകുകയില്ലെന്നു ഇവിടെ അഭിപ്രായപ്പെടുകയുണ്ടായി. മാർച്ച് 31-ാം തീയതിക്കകം കൊടുത്തു തീർക്കാൻ സാധിക്കാത്ത പണം ഇനി കൊടുക്കാൻ സാധിക്കുമോ? അങ്ങനെയാണെങ്കിൽ ആ പണികളെ ഈ പദ്ധതിയിൽ ഉൾക്കൊള്ളിക്കാൻ സാധിക്കുമോ? മാർച്ച് 31-ാം തീയതി കഴിഞ്ഞതുകൊണ്ട് അതു ലാപ്സായിപ്പോകുകയില്ലെന്നു പറയാൻ സാധിക്കുമോ?

ശ്രീ. പി.കെ. വാസുദേവൻ നായർ: അതിന്റെ വിശദവിവരം ഇപ്പോൾ എന്റെ കയ്യിൽ ഇല്ല.

ശ്രീ. ടി.കെ. രാമകൃഷ്ണൻ: കേന്ദ്രത്തിൽനിന്നു ലഭിക്കുന്ന പല പദ്ധതികളും നമ്മുടെ സംസ്ഥാനത്തിനു ചേർന്ന നിലയ്ക്കല്ലാത്തതുകൊണ്ട് ബുദ്ധിമുട്ടുണ്ടെന്നാണ് ചോദ്യത്തിൽനിന്നു മനസ്സിലായത്. അതുകൊണ്ട് ഈ സഹായം കിട്ടുന്നതിന് സംസ്ഥാനത്തിന്റെ തന്നെ ചില പദ്ധതികൾ തയ്യാറാക്കി അതിന് ഈ സഹായം കിട്ടണമെന്നുള്ള രീതിയിൽ ഒരു നിർദ്ദേശം കേന്ദ്രത്തിനു സമർപ്പിച്ചുകൂടേ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി.കെ. വാസുദേവൻ നായർ: ഇതു വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നം എന്നുള്ള നിലയിൽ അവിടെനിന്നും അയക്കുന്ന മിക്കവാറും പദ്ധതികളെല്ലാം സംസ്ഥാന വിഷയങ്ങളിൽപ്പെടുന്ന പദ്ധതികളാണ്. അതുകൊണ്ട് ഇങ്ങനെയുള്ള പദ്ധതികൾ അവിടെ ഉണ്ടാക്കുന്നതിനു പകരം അതിനുള്ള പണം സംസ്ഥാനങ്ങൾക്ക് നേരിട്ടു നൽകിയാൽ മതി, സംസ്ഥാനങ്ങൾ പദ്ധതി ഉണ്ടാക്കുകയാണ് നല്ലതെന്നുള്ള അഭിപ്രായം നഷ്ണൽ ഡെവലപ്പ്മെൻറ് കൗൺസിലിൽ വന്നു, അതു പൂർണ്ണമായി അംഗീകരിക്കപ്പെട്ടില്ല. മുൻപു പറഞ്ഞതുപോലെ 6,000 കോടി രൂപ ആദ്യം നീക്കിവച്ചിരുന്നത് 3000 കോടി രൂപയാക്കി ഇപ്പോൾ കുറച്ചിട്ടുണ്ട്. 3000 കോടി രൂപ സംസ്ഥാനങ്ങൾക്ക് തരാൻ തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. ജി.പി. മംഗലത്തു മാം: കേന്ദ്രഗവൺമെൻറ് സ്പോൺസർ ചെയ്യുന്നതോ കേന്ദ്രഗവൺമെൻറിന്റെ ഏജൻസി കിട്ടുന്നതോ ആയ ഏതെങ്കിലും പദ്ധതി ഇവിടെ നടപ്പാക്കാൻ സാധിക്കാതെ വരുന്നപക്ഷം ആ തുക സംസ്ഥാനഗവൺമെൻറിന് ഡൈവർട്ട് ചെയ്തു ചെലവാക്കാൻ എന്തെങ്കിലും പരിപാടികൾ നടത്തുന്നതിന് അധികാരമുണ്ടോ?

ശ്രീ. പി.കെ. വാസുദേവൻ നായർ: ഇല്ല.

സർക്കാർ സർവ്വീസിൽ സ്ത്രീകൾക്കു തുല്യത നൽകാൻ നടപടി

* 825 [893] ശ്രീ. എ. പി. കുര്യൻ:

,, എം. കെ. കൃഷ്ണൻ:

,, റ്റി. കെ. രാമചന്ദ്രൻ:

,, കെ. അനിരുദ്ധൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിൽ വനിതാ വാച്ച്മാൻമാരെ നിയമിക്കരുതെന്നും വിലക്കിക്കൊണ്ടുള്ള കേരള ലാസ്റ്റ് ഗ്രേഡ് സർവൻറ്സ് സ്പെഷ്യൽ റൂൾസിലെ നോട്ടിനെ സംബന്ധിച്ച് കേരള ഹൈക്കോടതി ഈയിടെ പുറപ്പെടുവിച്ച വിധിന്യായം ഗവൺമെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസക്തമായ വിധിന്യായം എന്താണെന്നു വ്യക്തമാക്കുമോ;

(സി) ഈ വിധിയുടെ അടിസ്ഥാനത്തിൽ സർക്കാർ സർവ്വീസിൽ സ്ത്രീകൾക്ക് തുല്യത നൽകാൻ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പി.കെ. വാസുദേവൻ നായർ): (എ) ഉണ്ട്.

(ബി) വിധിന്യായത്തിന്റെ പകർപ്പ് ലഭിച്ചിട്ടില്ല.

(സി) വിധിന്യായത്തിന്റെ പകർപ്പ് ലഭിച്ചതിനുശേഷം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 824 [892] കാണുക

Schemes to be continued as 'Centrally Sponsored' or 'Centrally aided'.

Sector	Scheme
Agriculture	Agri-Statistics
	Plant protection
	Intensive development of cotton, jute, oil seeds, pulses; package programme for coconut
	Groundwater organisation Soil and water conservation in river - valley projects, and Himalayan region.
	Rinderpest, foot and mouth disease control Fishing ports.
	Fish farmers' development agency.
	NSC and State Seed Corporation
	National Parks, Project Tiger.
	New dairy schemes in seven States.
Health	Family Welfare programmes
	Malaria eradication, Filaria control
	Leprosy and other communicable disease Control.
	Prevention of blindness
	Training of multipurpose workers and community health workers' scheme
Education	Hindi Teaching
	Audlt Education
	Non-formal education of children
Social Welfare	Integrated child development services
	Other schemes
Backward Classes Welfare	Post-metric scholarships for Scheduled Castes and Tribes.
	New Schemes
Power	Inter-State/regional transmission lines
Co-operation	Agricultural Credit Stabilisation Fund
	Rehabilitation of weak Co-operative Banks
	Assistance to NCDC

LIBRARY ARCHIVES Kerala Legislative Assembly

Sector	Scheme
Transport	Inland water Transport Inter-State roads
Housing etc.	New schemes for urban slum improvement and development of smaller towns
	Accelerated rural water supply
Rural Development	Command areas, droughtprone areas and desert areas development programmes; Small Farmers and Landless labourers development agency; Integrated Rural Development Blocks
Agricultural Credit	Investment in debentures of Land Development Banks.
	Share capital of regional rural banks.
Land Reforms	Financial assistance to assignees of surplus Land.
	Rehabilitation of bonded labour
Industry	District Industries Centre

അനുബന്ധം II

ന്യൂനപക്ഷഭാഷാ പ്രദേശങ്ങളുടെ പട്ടിക നമ്പർ 1370 [2223] കാണുക.

LIST OF LINGUISTIC MINORITY AREAS

Sl. No.	*Name of minority language*	*Name of District*	*Name of Taluk*	*Local Areas*	
				Non-Municipal area	*Municipal Town/Corporation*
1.	Tamil	Trivandrum	Trivandrum	..	Trivandrum
2.	Do.	Idukki	Peermade	Peermade	..
3.	Do.	do.	Udumban-chola	Udumban-chola	..
4.	Do.	do.	Devikolam	Devikolam	..
5.	Do.	Palghat	Chittur	Chittur	Chitttur Thattam-mangalam
6.	Do.	do.	Palghat	..	Palghat

LIBRARY ARCHIVES Kerala Legislative Assembly